## എം. പി മുഹമ്മദ് മാസ്റ്റർ



**മഞ്ചേരിക്കടുത്ത്** പയ്യനാട് ഗ്രാമത്തിൽ ജ.ഇ രൂപവത്കരിക്കുന്നതിൽ മുൻനിരയിൽനിന്ന് പ്രവർത്തിച്ച വ്യക്തിയായിരുന്നു എം.പി മുഹമ്മദ് മാസ്റ്റർ. 1963ൽ ഹാജി സാഹിബിൽനിന്ന് പ്രസ്ഥാനത്തെ മനസ്സിലാക്കിയതുമുതൽ അതിനെ നെഞ്ചേറ്റി നടന്നു ജീവിതാവസാനം വരെയും.

പയ്യനാട്ടെ തർബിയത്തുൽ ഇസ്‌ലാം സംഘം, ഹയാത്തുൽ ഇസ്‌ലാം സംഘം, നൂറുൽ ഇസ്‌ലാം സംഘം, ഖാദിമുൽ ഇസ്‌ലാം സംഘം, മുസ്‌ലിം എഡ്യൂക്കേഷൻ ട്രസ്റ്റ് എന്നിവയുടെയെല്ലാം സ്ഥാപക സെക്രട്ടറി മാസ്റ്ററായിരുന്നു. 1962ൽ രൂപവത്കരിച്ച ഖാദിമുൽ ഇസ്‌ലാം സംഘമാണ് ജമാഅത്തെ ഇസ്‌ലാമി ഹംദർദ് ഹൽഖയായി മാറിയത്. സ്‌കൂൾ ഡ്യൂട്ടി കഴിഞ്ഞുള്ള മുഴുവൻ സമയവും സാമൂഹിക സേവനത്തിനും ഇസ്‌ലാമിക പ്രവർത്തനങ്ങൾക്കും ഉഴിഞ്ഞുവെച്ച മാസ്റ്റർ സാക്ഷരതാ പ്രവർത്തനം നിലവിൽ വരുന്നതിന് വർഷങ്ങൾക്കു മുമ്പേ പ്രദേശത്ത് വയോജനക്ലാസുകൾ നടത്തിയിരുന്നു. പ്രദേശത്ത് വിധവാ വാർധക്യ കാർഷിക അംഗവൈകല്യ പെൻഷൻ വാങ്ങുന്നതിൽ മിക്കവരും മാസ്റ്ററുടെ ശ്രമഫലമായി അപേക്ഷ സമർപ്പിച്ചവരാണ്.

പയ്യനാട് ചോലക്കലുള്ള മസ്ജിദുന്നൂർ, കച്ചേരിപ്പടിയിലെ നജ്മുൽ ഹുദ മദ്‌റസ, പയ്യനാട് അൽ മദ്‌റസത്തുൽ ഇസ്‌ലാമിയ്യ, കോക്കൂത്ത് മസ്ജിദ്, വടക്കാങ്ങര പള്ളി, എം.ഇ.ടി ഹൈസ്‌കൂൾ എന്നിവയുടെ നിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു.

**വി. അബ്ദുൽ ജലീൽ**

## മന്നങ്ങൽ അബു



**ഓമശ്ശേരിയിലെ** ആദ്യകാല പ്രസ്ഥാന പ്രവർത്തകരിലൊരാളായിരുന്നു മന്നങ്ങൽ അബുസാഹിബ്. പ്രദേശത്തെ ആദ്യ നാസിമായിരുന്ന ബീരാൻകുട്ടി ഹാജിയുടെ കടയിൽ ജോലിക്കാരനായിരുന്നു. ബീരാൻകുട്ടി ഹാജിയുമായുള്ള ബന്ധമാണ് അദ്ദേഹത്തെ പ്രസ്ഥാനത്തിലേക്ക് അടുപ്പിച്ചത്. എല്ലാ ആഴ്ചയിലും ചേന്ദമംഗല്ലൂരിൽ നടന്നിരുന്ന ഹൽഖായോഗത്തിലേക്ക് സൈക്കിൾ വാടകക്കെടുത്താണ് അദ്ദേഹം പോയിരുന്നത്.

പതിനഞ്ചുവർഷത്തോളം ഓമശ്ശേരി ജുമാമസ്ജിദിലെ മുഅദ്ദിനായി സേവനമനുഷ്ഠിച്ചു. സ്വരമധുരമായ അദ്ദേഹത്തിന്റെ ബാങ്ക് ഓർക്കാത്തവർ അടുത്ത പ്രദേശങ്ങളിലാരുമുണ്ടാവില്ല.

അബ്ദുൽഹകീം, സൈനബ്, അബ്ദുല്ലത്വീഫ്, മുനീർ, മനാഫ്, ഇബ്‌റാഹീം എന്നിവർ മക്കളാണ്.

**പുത്തൂർ ഇബ്‌റാഹീംകുട്ടി കൊടുവള്ളി**

## അസീസാബീവി

**ജനുവരി** അവസാനവാരത്തിലാണ് എന്നോട് അബ്ദുൽ അഹദ് തങ്ങൾ ഒരു ജമാഅത്ത് അംഗത്വ അപേക്ഷയിൽ അമീറിന്റെ കൂടിക്കാഴ്ച വേഗത്തിൽ നടത്തണമെന്ന് ആവശ്യപ്പെട്ടത്. ഫോറം നോക്കിയപ്പോൾ എന്റെ നാട്ടിലുള്ള അസീസാബീവിയാണ്. അവർ രോഗിണിയാണെന്നും ഉടൻ അവരുമായി ഫോണിൽ സംസാരിക്കണമെന്നും തങ്ങൾ പറഞ്ഞിരുന്നു. ആറു വർഷമായി കിഡ്നി രോഗത്തിന്റെ പിടിയിലായിരുന്നു അവർ. എങ്കിലും തളരാത്ത മനസിന്റെ ഉടമയായിരുന്നു. മരിക്കുന്നതിന്

മുമ്പ് ജമാഅത്തിൽ അംഗത്വമെടുക്കണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നു.

അമീറിന്റെ മുലാഖാത്തിന് വേണ്ടി വിളിച്ചപ്പോൾ വളരെ സന്തോഷത്തോടെയാണ് പ്രതികരിച്ചത്. കോഴിക്കോട് വരാമോ എന്നു ചോദിച്ചപ്പോൾ എവിടെ വേണമെങ്കിലും വരാമെന്നായിരുന്നു പ്രതികരണം. ഫെബ്രുവരിയിൽ ആദ്യവാരത്തിൽ അമീറിന് ആലുവയിൽ പരിപാടിയുണ്ടെന്നും അവിടെ വെച്ച് മുലാഖാത്ത് നടത്താമെന്നും ഞാൻ നിർദേശിച്ചു. ആരോഗ്യസ്ഥിതി മോശമായതിനാൽ കോഴിക്കോട്ടേക്കുള്ള യാത്ര ഒഴിവാക്കുന്നതിനാണ് അപ്രകാരം പറഞ്ഞത്. സമയം നീണ്ടുപോകുന്നതിലെ സങ്കടം അവർക്കുണ്ടായിരുന്നു. ആയിടക്ക് ഞാൻ അവരെ വീട്ടിൽചെന്നു കാണുകയും ചെയ്തിരുന്നു. എന്നെ അവർ പുത്രതുല്യം സ്നേഹിച്ചിരുന്നു.

നിശ്ചയിച്ച പ്രകാരം അമീറുമായുള്ള കൂടിക്കാഴ്ചക്ക് ഫെബ്രുവരി ആറാം തീയതി അവർ ആലുവയിലെത്തി. ഭർത്താവ് വി.പി മുഹമ്മദ് സാഹിബും മകൾ സനീറയും കൂടെയുണ്ടായിരുന്നു. ആലുവ പള്ളിയുടെ പടവുകൾ വളരെ വേഗത്തിലാണ് അവർ ഓടിക്കയറിയത്. മുലാഖാത്ത് കഴിഞ്ഞ് തിരിച്ചെത്തിയ അവരുടെ മുഖത്തെ സന്തോഷം എന്റെ കണ്ണിൽ നിന്നും മറഞ്ഞിട്ടില്ല. രോഗിണിയായിരുന്നെങ്കിലും അവരുടെ പ്രസ്ഥാനപ്രതിബദ്ധതയും ആവേശവും അനന്യമായിരുന്നു. സന്ദർശിക്കാൻ ചെന്നവരെയെല്ലാം അവർ ആശ്വസിപ്പിച്ചു തിരിച്ചയക്കുകയായിരുന്നു പതിവ്. ഫെബ്രുവരി 9ന് അവർ അല്ലാഹുവിലേക്ക് യാത്രയായി. അവർക്ക് 66 വയസായിരുന്നു.

കൊച്ചിയിലെയും പള്ളുരുത്തിയിലെയും പ്രസ്ഥാനപ്രവർത്തനമേഖലകളിൽ നിറസാന്നിധ്യമായിരുന്നു അവർ. രോഗം കലശലായ സന്ദർഭത്തിലും സ്വഫാ സമ്മേളനത്തിൽ പങ്കെടുത്തു. ഓക്സിജൻ ട്യൂബുമായി മെഡിക്കൽ വിഭാഗത്തിന്റെ കട്ടിലിൽ ഇരുന്ന് നിളാതീരത്തെ വിസ്മയം  കൺകുളിർക്കെ കണ്ടു. ഇസ് ലാമിക പ്രസ്ഥാനത്തിന് വേണ്ടി സർവതും സമർപ്പിക്കുന്ന മാതൃകാസ്ത്രീയായിരുന്നു അവർ.  ജനാസയിൽ പങ്കെടുത്ത ജനബാഹുല്യം അവരുടെ സ്വാധീനം വിളിച്ചോതുന്നതായിരുന്നു.

പ്രസ്ഥാനപരിവാരമായിരുന്നു അവരുടെ കുടുംബം. ഭർത്താവ് വി.പി മുഹമ്മദ് സാഹിബ് ജമാഅത്ത് അംഗമാണ്. മക്കളായ വി.എം സലീം (കെ.ഐ.ജി റിയാദ്) സൽമ, സനീറ എന്നിവരും മരുമക്കളായ റഫീഖ് അഹ്മദ്  എം.എച്ച് അബ്ദുറഹീം, നസിയ (കെ.ഐ.ജി റിയാദ്) എന്നിവരും സജീവ പ്രവർത്തകരാണ്.

**ഫൈസൽ കൊച്ചി**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.*